തൃശൂർ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടറുടെ നടപടിക്രമം
(സാന്നിദ്ധ്യം : ഡോ. എ കൗശിഗൻ ഐ.എ.എസ്)

വിഷയം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തൃശൂർ ജില്ല - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് - വോട്ടെടുപ്പ്, വോട്ടെണ്ണൽ തീയതികളിൽ പ്രാദേശീക അവധി പ്രഖ്യാപിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

വായന: 01: സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 11.10.2015 തിയതിയിലെ 6330/ബി/2013/സം. തി.ക നമ്പർ കത്ത്.
02: സർക്കാർ ഉത്തരവ് (എം എസ്) 371/2015/ജി എ ഡി തീയതി: 26.10.2015.

: ഉത്തരവ് നമ്പർ : ഇ.എൽ.3. 39895/2014 : തിയതി : : 11 : 2015 :

2015ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടെടുപ്പ് ദിനമായ 05.11.2015 തീയതിയിൽ പൊതു അവധി പ്രഖ്യാപിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വായന (02) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

പോളിംഗ് സ്റ്റേഷനുകളായി നിർണ്ണയിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു വോട്ടെടുപ്പുദിവസും അതിന്റെ തലേദിവസവും, വോട്ടെണ്ണൽ കേന്ദ്രങ്ങളായി നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു വോട്ടെണ്ണൽ നടക്കുന്ന ദിവസവും ആവശ്യാനുസരണം അവധി അനുവദിക്കുന്നതിന് വായന (01) പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്.

ആയതിനാൽ, തൃശൂർ ജില്ലയിലെ വോട്ടെടുപ്പ് ദിവസത്തിന്റെ തലേദിവസമായ 04.11.2015 ന് പോളിംഗ് സ്റ്റേഷനായി നിർദ്ദേശിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങൾക്കും

വോട്ടെണ്ണൽ സൗകര്യം ഉറപ്പുവരുത്തുന്നതിന് വോട്ടെണ്ണലിന്റെ തലേദിനമായ 06.11.2015 നും വോട്ടെണ്ണൽ ദിനമായ 07.11.2015നും വോട്ടെണ്ണൽ കേന്ദ്രങ്ങളായി നിശ്ചയിച്ചിട്ടുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട സ്ഥാപന മേധാവി 05.11.2015 തിയതി തിരഞ്ഞെടുപ്പിനും വോട്ടെണ്ണൽ ക്രമീകരിക്കുന്നതിന് 06.11.2015 നും, 07.11.2015 തിയതിയിലെ വോട്ടെണ്ണലിനും യാതൊരുവിധ തടസ്സങ്ങളും ഇല്ലാത്തവിധം നടത്തുന്നതിന് വേണ്ട സൗകര്യം സ്ഥാപനത്തിൽ ഏർപ്പാടാക്കേണ്ടതും, സ്ഥാപനം യഥാവിധി തുറന്നുകൊടുക്കേണ്ടതുമാണ്.

2/11/15

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ &
ജില്ലാ കളക്ടർ, തൃശൂർ.

സ്വീകർത്താവ്

- ജില്ലാ ഇൻഫർമേഷൻ ആഫീസർ, തൃശൂർ. (വിവരം വാർത്താമാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിന് താല്പര്യപ്പെടുന്നു)
- ജില്ലാ പോലീസ് മേധാവി, തൃശൂർ (സിറ്റി/റൂറൽ)
- എല്ലാ വരണാധികാരികൾക്കും, സഹവരണാധികാരികൾക്കും
- ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തൃശൂർ
- ജില്ലാ വിദ്യാഭ്യാസ ആഫീസർ, തൃശൂർ
- ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ)